**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2133** **03-03-2025 - ൽ മറുപടിയ്ക്ക്**

**ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചികിത്സയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടികളിലെ വളർച്ചയും വികസനവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുമുള്ള, ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ആരോഗ്യ വകുപ്പിന് കീഴിൽ ജില്ലാതല ആശുപത്രികളിൽ പ്രവർത്തിക്കുന്ന പ്രത്യേക സ്ഥാപനമാണ് ഡിസ്ട്രിക് ഏർളി ഇൻറർവെൻഷൻ സെൻ്റർ<br><br>(ഡി.ഐ.ഇ.സി.). RBSK പ്രോഗ്രാമിൻെറ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം വഴി എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളോട് ചേർന്ന് ഡിസ്ട്രിക് ഏർളി ഇൻറർവെൻഷൻ സെൻ്റർ പ്രവർത്തിച്ചു വരുന്നു. മറ്റ് സ്പെഷ്യാലിറ്റി ട്രീറ്റ്മെൻ്റ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ജില്ലാ ആശുപത്രികളിലോ ഇത്തരം സൗകര്യം ലഭ്യമായ താലൂക്ക് ആശുപത്രികളിലോ DEIC-യുടെ സേവനം ലഭ്യമാണ്. നിലവിൽ കണ്ണൂർ, പാലക്കാട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ DEIC പ്രവർത്തിക്കുന്നത് കുട്ടികളുടെയും, സ്ത്രീകളുടെയും ആശുപത്രിയോട് ചേർന്നാണ്. ഡി.ഐ.ഇ.സി-കളിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന 18 വയസ്സ വരെയുള്ള എല്ലാ കുട്ടികൾക്കും വിവിധങ്ങളായ തെറാപ്പി ഉൾപ്പടെയുള്ള ചികിത്സ സൗജന്യമായി ലഭ്യമാണ്. ഡിസ്ട്രിക് ഏർളി ഇൻറർവെൻഷൻ സെൻ്ററിൽ (DEIC)സൈക്കോളജിസ്റ്റ്, സ്പീച്ച് ആഡിയോ തെറാപ്പിസ്റ്റുകൾ, ഫിസിയോതെറാപ്പിസ്റ്റുകൾ, സ്പെഷ്യൽ എഡ്യൂക്കേറ്റർ തുടങ്ങിയവരുടെ സൗജന്യസേവനം ലഭ്യമാണ്. കൂടാതെ ഡെവലപ്പ്മെൻ്റ് തെറാപിസ്റ്റികളുടെ സേവനം മൊബൈൽ ഇൻ്റർവെൻഷൻ യൂണിറ്റുകളിൽ ലഭ്യമാണ്. ഇതിനുപുറമെ, പീഡിയാട്രിഷ്യൻ, മെഡിക്കൽ ഓഫീസർ, ഡെൻ്റൽ സർജൻ, ഡെൻ്റൽ **ഹൈജീനിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്,** |

**ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം DEIC-യിലും ലഭ്യമാണ്.**

**ബൗദ്ധിക** വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചികിത്സയ്ക്കായി സർക്കാർ മെഡിക്കൽ കോളേജുകളിൽ റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സെന്ററിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഡെവലപ്മെന്റൽ തെറാപ്പി, ഡെവലപ്മെന്റൽ സ്റ്റിമുലേഷൻ, ഫിസിയോ തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി, വിഷ്വൽ തെറാപ്പി എന്നിവ നൽകി വരുന്നു. ഡൗൺ സിൻഡ്രോം തുടങ്ങിയ ജനിതക വൈകല്യങ്ങൾ മൂലമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പീഡിയാട്രിക് വിഭാഗത്തിലെ ജനറ്റിക് ക്ലിനിക്കിൽ ചികിത്സിച്ചു വരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

*ശിശുരോഗ വിഭാഗത്തിലും REIC(റീജിയണൽ എർലി ഇന്റർവെൻഷണൽ സെൻ്റർ) ലും വികസന കാലതാമസമുള്ള ശിശുക്കളെയും കുട്ടികളെയും സ്ക്രീനിംഗും തിരിച്ചറിയലും.

*ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രിയുമായി കൂടിയാലോചിച്ച് ഐഡി, എൽഡി, എഡിഎച്ച്ഡി, എഎസ്ഡി തുടങ്ങിയ വ്യത്യസ്ത അവസ്ഥകളുടെ രോഗനിർണയം.

*പീഡിയാട്രിക്സ്, സൈക്യാട്രി, ന്യൂറോളജി, ഒഫ്ത്താൽമോളജി, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ, ഇഎൻടി എന്നിവയുൾപ്പെടെയുള്ള ഒരു മൾട്ടി ഡിസിപ്ലിനറി ടീമാണ് കുട്ടികളുടെ മെഡിക്കൽ പ്രശ്നങ്ങളെ സമഗ്രമായി കൈകാര്യം ചെയ്യുന്നത്.

*REIC- സാമൂഹിക പ്രവർത്തകരുടെ രക്ഷാകർതൃ കൗൺസിലിംഗും വിദ്യാഭ്യാസവും.

*സ്കൂളിൽ പോകുന്ന കുട്ടികൾക്കുള്ള മാർഗ്ഗനിർദ്ദേശവും തൊഴിലധിഷ്ഠിത പരിശീലനത്തിനുള്ള റഫറലും REIC- സ്പെഷ്യൽ എഡ്യൂക്കേറ്റർ നൽകുന്നു.

*ഗവൺമെന്റ് സ്കീമുകളിൽ നിന്ന് സഹായം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം REIC-ലെ സാമൂഹ്യപ്രവർത്തകൻ നൽകുന്നു.

| | | | |
|---|---|---|---|
| (ബി) | ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചികിത്സക്കായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേന്ദ്ര ആരോഗ്യ മന്ത്രാലയം തയ്യാറാക്കിയ മാനദണ്ഡം അനുസരിച്ച് ആണ് DEIC ആരംഭിച്ചത്. എന്നാൽ സംസ്ഥാന സർക്കാർ അനുയാത്രാ പദ്ധതിയിൽ ഉൾപ്പെടുത്തി DEIC കേന്ദ്രങ്ങളെ സ്വതന്ത്ര ആരോഗ്യസ്ഥാപനങ്ങളാക്കി വികസിപ്പിച്ചു വരുന്നു. നിലവിൽ കണ്ണൂർ, വയനാട്, തൃശൂർ, ആലപ്പുഴ, മലപ്പുറം, കൊല്ലം എന്നീ ജില്ലകളിൽ ഇത്തരം പുതിയ സ്ഥാപങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയിൽ കണ്ണൂർ, കൊല്ലം, ആലപ്പുഴ സ്ത്രീകളുടേയും, കുട്ടികളുടേയും ആശുപത്രിയോട് ചേർന്നാണ് DEIC പ്രവർത്തിക്കുന്നത്. കുട്ടികൾക്ക് DEIC സേവനങ്ങൾക്ക് പുറമെ മറ്റു സ്പെഷ്യലിസ്റ്റുകളുടെ സേവനങ്ങൾ കൂടി ഉറപ്പ് വരുത്തുന്നതിനായിട്ടാണ് DEIC കേന്ദ്രങ്ങൾ ജില്ലാതല ആശുപത്രികളിൽ ആരംഭിച്ചിട്ടുള്ളത്.<br><br>ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക് വിഭാഗത്തിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചികിത്സയ്ക്കായി പ്രത്യേകമായ ബിഹേവിയറൽ പീഡിയാട്രിക് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് തിരുവനന്തപുരം CDC (ചൈൽഡ് ഡെവലപ്മെന്റ് സെൻറർ) -ൽ വിവിധ ചികിത്സകൾ നൽകി വരുന്നുണ്ട്. |
| (സി) | ഇത്തരം കുട്ടികൾക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും സമയബന്ധിതമായി നൽകുന്നതിന് താലൂക്ക് ആശുപത്രികളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുമോ? | (സി) | നിലവിൽ ആരോഗ്യ വകുപ്പിന് കീഴിലെ 82 താലൂക്ക് ആശുപത്രികളിൽ ഓൺലൈൻ മെഡിക്കൽ ബോർഡ് നടത്തുന്നുണ്ട്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും, യു.ഡി.ഐ.ഡി കാർഡും സമയബന്ധിതമായി നൽകുന്നതിന് താലൂക്ക് ആശുപത്രികളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മറ്റ് അനുബന്ധ മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള ചികിത്സയും ഔഷധങ്ങളും ആരോഗ്യ വകുപ്പിലെ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലെ സൈക്ക്യാട്രി യൂണിറ്റുകൾ വഴിയും മാനസികാരോഗ്യ പരിപാടിയിൻ കീഴിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ മാസ ക്ലിനിക്കുകൾ വഴിയും സൗജന്യമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ